# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 3508

**24 . 6 . 2 0 1 3**- ൽ മറുപടിക്ക്

## സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾക്ക് അടിയന്തിര നടപടി സ്വീകരിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, പാലോട് രവി<br>,, എം. എ. വാഹീദ്<br>,, ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പുമന്ത്രി. |
| (എ) സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതി നിരോധന വകുപ്പിന് ലഭിക്കുന്ന പരാതികളിൽ തൽസമയം നടപടി സ്വീകരിക്കുന്നതിന് ഫ്ളയിങ്ങ് സ്ക്വാഡിനെ നിയോഗിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 15.12.2012 തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 57/10/വിജി എന്ന സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം സിറ്റിയിലേക്ക് മാത്രമായി ഒരു ലൈറ്റ്നിംഗ്/ഫ്ളയിങ്ങ് സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തി ദിനങ്ങളിലും രാവിലെ 10 മണി മുതൽ വൈകിട്ട് 5.15 വരെയാണ് സ്ക്വാഡിന്റെ പ്രവർത്തന സമയം. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ടോൾഫ്രീ നമ്പരിലൂടെയും, അല്ലാതെയും ലഭിക്കുന്ന സാധാരണ ജനങ്ങളുടെ പരാതികൾക്ക് അതിവേഗത്തിൽ പരിഹാരം കാണുക എന്ന ലക്ഷ്യമാണ് ഇതിനുള്ളത്. സർക്കാർ ഓഫീസുകളിൽ വരുന്ന ജനങ്ങളുടെ അഴിമതി സംബന്ധമായ പരാതികൾക്ക് ഉടനടി തീർപ്പ് കൽപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ലൈറ്റ്നിംഗ് സ്ക്വാഡ് പ്രവർത്തിക്കുന്നത്. പരാതിയിൽ പരാമർശിച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉടൻ തന്നെ ബന്ധപ്പെട്ട പരാതിക്കാരന് തൃപ്തികരമായ വിധത്തിൽ പരിഹാരം കാണുകയാണ് ചെയ്യുന്നത്. |

..........2

| | |
|---|---|
| (സി) ഏതെല്ലാം വകുപ്പുകളുമായാണ് ഇക്കാര്യത്തിൽ സഹകരിക്കാനുദ്ദേശിക്കുന്നത്; | (സി) നിലവിൽ തിരുവനന്തപുരം നഗര പരിധിയിലെ എല്ലാ സർക്കാർ ഓഫീസുകളിലും, ഡിപ്പാർട്ടുമെന്റുകളിലും ലൈറ്റ്നിംഗ് സ്ക്വാഡ് പരിശോധനകൾ (ലൈറ്റ്നിംഗ് ചെക്ക്) നടത്തുന്നുണ്ട്. അതിനാൽ എല്ലാ സർക്കാർ/ പൊതുമേഖലാ വകുപ്പുകളിലും ഇതിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) വിജിലൻസ് ലൈറ്റ്നിംഗ് സ്ക്വാഡ് 22/03/13 മുതൽ തിരുവനന്തപുരം സിറ്റിയിൽ പ്രവർത്തനക്ഷമമായി കഴിഞ്ഞു. ഒരു പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സബ് ഇൻസ്പെക്ടറും, മൂന്ന് സീനിയർ സിവിൽ പോലീസ് ഓഫീസർമാരും, ഡ്രൈവറുമാണ് സ്ക്വാഡിൽ ഉള്ളത്. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പരാതിക്കാരന് ഏറ്റവും വേഗത്തിൽ, ഏറ്റവും തൃപ്തികരമായ രീതിയിൽ ഉടനടി പരിഹാരം കാണുന്ന രീതിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത് |

Manjith

സെക്ഷൻ ആഫീസർ